# സലഫീമാർഗം: സവിശേഷതകൾ

**ശംസുദ്ദീൻ പാലത്ത്**

അബ്ദുല്ലാഹിബ്നു അംറ്(ﷺ)വിൽ നിന്ന്: അദ്ദേഹം പറഞ്ഞു: നബി(ﷺ) അരുളി: 'എന്റെ സമുദായം എഴുപത്തി മൂന്ന് മില്ലത്ത് ആയി ഭിന്നിക്കും. അവരെല്ലാവരും നരകത്തിലാണ്, ഒരു മില്ലത്തൊഴികെ'. അവർ ചോദിച്ചു: 'അത് ആരാണ് അല്ലാഹുവിന്റെ ദൂതരേ', അദ്ദേഹം പറഞ്ഞു: 'ഞാനും എന്റെ അനുചരന്മാരും ഏതൊന്നിലാണോ അത്' (തിർമിദി). അതായത് നബി(ﷺ)യും സ്വഹാബികളും സ്വീകരിച്ച ആദർശവും ആചാരാനുഷ്ഠാനങ്ങളും സ്വീകരിക്കുകയും പിന്നീട് പുതുതായുണ്ടായവ വർജിക്കുകയും ചെയ്തവർക്കാണ് നരകമോചനം. നബി(ﷺ)യുടെ ഈ വചനം നാം പ്രത്യേകമൊന്ന് ആലോചിക്കണം. 'അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുകയില്ല. തീർച്ചയായും അത് അദ്ദേഹത്തിന് ദിവ്യബോധനം നൽകപ്പെട്ടതു തന്നെയാണ്' (53:3,4).

ഇർബാദുബ്നു സാരിയ(ﷺ)വിൽ നിന്ന് നിവേദനം: നബി(ﷺ) പറഞ്ഞു: 'തീർച്ചയായും നിങ്ങളെ ഞാൻ വെളുത്ത ഒരു വഴിയിലാണ് വിട്ടേച്ചു പോകുന്നത്. അതിന്റെ രാവ് അതിന്റെ പകലു പോലെത്തന്നെയാണ്. അതിൽ നിന്ന് എന്റെ ശേഷം തുലഞ്ഞവനല്ലാതെ വഴുതിപ്പോവുകയില്ല' (ഇബ്നുമാജ). അതായത് അവർ ഒരിക്കലും നബി(ﷺ)യുടെ സുന്നത്തിന് എതിരു പ്രവർത്തിക്കുകയില്ല. ആശയക്കുഴപ്പത്തിൽ പെട്ടു പോകാതിരിക്കാൻ മാത്രം പ്രകാശപൂർണമായ തെളിഞ്ഞ സുന്നത്ത് നമ്മുടെ മുമ്പാകെ സമർപ്പിച്ചതിനു ശേഷമല്ലാതെ നബി(ﷺ) വിടപറയുകയുണ്ടായിട്ടില്ല. 'ആ ദീൻ നിങ്ങൾ നേരാംവണ്ണം നിലനിറുത്തണമെന്നും അതിൽ നിങ്ങൾ ഭിന്നിക്കരുതെന്നും' (42:13) വിശുദ്ധ ക്വുർആൻ വ്യക്തമാക്കിയിട്ടുണ്ട്. സ്വഹാബത്ത് ആ ദീനിൽ നിന്നും ഒരിക്കലും ഭിന്നിച്ചു പോയിട്ടില്ല. അവർ എപ്പോഴും അതിനോട് ചേർന്നുനിന്ന അൽജമാഅത്ത് (യഥാർത്ഥസംഘം) ആയിരുന്നു. നരകത്തിൽ നിന്ന് മോചനം നേടി സ്വർഗത്തിൽ പോകുന്ന കക്ഷിയെ 'അൽജമാഅത്ത്' എന്നാണ് നബി(ﷺ) വിശേഷിപ്പിച്ചത്. മറ്റുള്ളവയെല്ലാം വ്യതിയാന കക്ഷികളാണ്. ഇബ്റാഹിം(عليه السلام) ജീവിതകാലത്ത് അദ്ദേഹമല്ലാതെ മറ്റൊരു മുസ്‌ലിമില്ലാത്ത കാലത്ത് അദ്ദേഹത്തെ അല്ലാഹു 'ഉമ്മത്ത്' എന്നു വിശേഷിപ്പിച്ചതും അദ്ദേഹം സത്യത്തോടു ചേർന്നു നിന്നതിനാലാണ്. 'നിശ്ചയം, ഇബ്റാഹിം നേർക്കുനേരെ അല്ലാഹുവിന്ന് കീഴൊതുങ്ങിയ ഉമ്മത്ത് (സമുദായം) ആയിരുന്നു' (16:120). ഇബ്നു മസ്ഊദ്(ﷺ) പറഞ്ഞു: 'സത്യത്തോട് യോജിച്ചു നിൽക്കുന്നവരാണ് 'അൽജമാഅത്ത്', അത് നീ മാത്രമാണെങ്കിലും' (മിശ്കാത്ത്).

ആദ്യകാലത്തെ അൽജമാഅത്ത് സ്വഹാബികളായിരുന്നു. സത്യം തിരിച്ചറിയലും മറ്റുള്ളവയേക്കാൾ അതിന്ന് മുൻഗണന നൽകലുമാണ് അൽജമാഅത്തിൽ ചേരുക എന്നതു കൊണ്ടുദ്ദേശിക്കുന്നത്. അനസുബ്നുമാലിക്കി(ﷺ)ൽ നിന്ന് നിവേദനം: റസൂലുല്ലാഹി(ﷺ) പറഞ്ഞു: 'ജനങ്ങൾക്ക് ഒരു കാലം വരാനുണ്ട്, തന്റെ ദീനിനുവേണ്ടി അവർ തീക്കനൽ പിടിക്കുന്നതു പോലെ സഹിക്കേണ്ടി വരും' (തിർമിദി). അക്കാലത്ത് അവർക്ക് അളവില്ലാത്ത പ്രതിഫലം സ്വന്തമാക്കാൻ കഴിയും എന്നും നബി(ﷺ) വ്യക്തമാക്കിയിട്ടുണ്ട്. അബൂഹുറൈറ(ﷺ)വിൽ നിന്ന് നിവേദനം: നബി(ﷺ) പറഞ്ഞു: 'നിങ്ങൾ ഒരു കാലത്താണ് ജീവിക്കുന്നത്, നിങ്ങളിലൊരാൾ കൽപിക്കപ്പെട്ടതിന്റെ പത്തിലൊന്ന് ഉപേക്ഷിച്ചാൽ തന്നെ

തുലഞ്ഞു പോയി. പിന്നീട് ഒരു കാലം വരും, നിങ്ങൾ പ്രവർത്തിക്കുന്നതിന്റെ പത്തിലൊന്ന് ചെയ്താൽത്തന്നെ അവർ മോചനം നേടും' (തിർമിദി). വ്യതിയാന കക്ഷികളെ വെടിയുകയും ബിദ്അത്തുകളിൽ നിന്ന് വിട്ടു നിൽക്കുകയും ചെയ്തിട്ടുള്ളവർക്ക് അല്ലാഹു അളവില്ലാതെ കരുണ ചൊരിയുകയും അവരെ നരകത്തിൽ നിന്ന് മോചിപ്പിക്കുകയും ചെയ്യും. കാരണം അവർ അൽജമാഅത്തിനെ അവലംബിക്കുന്നവരാണ്.

സ്വഹാബികളും താബിഉകളും ഉൾക്കൊണ്ട ആദർശത്തോടും സംസ്കാരത്തോടും യോജിച്ചു നിൽക്കുന്നവരാണ് അൽജമാഅത്ത്. പ്രവാചകചര്യയുടേയും അൽജമാഅത്തിന്റേയും ആളുകൾ എന്ന നിലക്കാണ് സത്യവിശ്വാസികൾ അഹ്ലുസ്സുന്നത്തി വൽ ജമാഅത്ത് എന്ന് പ്രസിദ്ധി നേടിയത്. അതായത് നാം അവലംബിക്കേണ്ട ആദർശം സ്വഹാബികളും താബിഉകളും മുറുകെപ്പിടിച്ച ആദർശമാണ്. ക്വിയാമത്തു നാളുവരെ അവർ ബഹുജനങ്ങൾ ദീനിൽ മാതൃയാകണമെന്ന് അല്ലാഹു നിശ്ചയിച്ചിട്ടുണ്ട്.

**അവരാണ് ലോകത്തിനു മാതൃകയും സാക്ഷികളും**

അവർ അല്ലാഹുവിന്റെ ദൂതൻ മുഖേന നേരിട്ട് വിശുദ്ധക്വുർആനും തിരുസുന്നത്തും മനസ്സിലാക്കാൻ അവസരം ലഭിച്ചവരാണ്. പിന്നീട് വന്നവരെല്ലാം അവരിലൂടെയാണ് ദീൻ മനസ്സിലാക്കിയത്. അവർ ജനങ്ങളിൽ വച്ച് മതത്തെക്കുറിച്ച് ഏറ്റവും പൂർണമായ അറിവു നേടിയവരാണ്. ഏറ്റവും കൃത്യമായി മതം ഗ്രഹിച്ചവരാണ്. ദീനിന്റെ കാര്യത്തിൽ അവരെ അനുധാവനം ചെയ്യാനും അവരുടെ ഗ്രാഹ്യതക്ക് മുൻഗണന നൽകാനും നാം ബാധ്യസ്ഥരാണ്. അല്ലാഹു പറയുന്നു:

'അക്ഷരജ്ഞാനമില്ലാത്തവർക്കിടയിൽ തന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് വായിച്ചു കേൾപ്പിക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് വേദഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യാൻ അവരിൽ നിന്നു തന്നെയുള്ള ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. തീർച്ചയായും അവർ മുമ്പ് വ്യക്തമായ വഴികേടിലായിരുന്നു' (62:2).

'അല്ലാഹുവിന്റെ റസൂലാണ് നിങ്ങൾക്കിടയിലുള്ളതെന്ന് നിങ്ങൾ മനസ്സിലാക്കണം. പല കാര്യങ്ങളിലും അദ്ദേഹം നിങ്ങളെ അനുസരിച്ചിരുന്നെങ്കിൽ നിങ്ങൾ വിഷമിച്ചു പോകുമായിരുന്നു. എങ്കിലും അല്ലാഹു നിങ്ങൾക്ക് സത്യവിശ്വാസത്തെ പ്രിയങ്കരമാക്കി തീർക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ അത് അലംകൃതമാക്കുകയും ചെയ്തു. അവിശ്വാസവും അധർമവും അനുസരണക്കേടും നിങ്ങൾക്കവൻ വെറുപ്പുള്ളതാക്കുകയും ചെയ്തു. അങ്ങനെയുള്ളവരാകുന്നു നേർമാർഗം സ്വീകരിച്ചവർ' (49:7).

'ജനങ്ങളിൽ ഏറ്റവും ഉത്തമർ എന്റെ നൂറ്റാണ്ടുകാരാണ്. പിന്നെ അവരോടടുത്തവർ. പിന്നെ അവരോടടുത്തവർ. പിന്നീട് ചില സമൂഹങ്ങൾ വരും. അവരിൽ ഒരാളുടെ സാക്ഷ്യം അയാളുടെ സത്യത്തേയും അയാളുടെ സത്യം അയാളുടെ സാക്ഷ്യത്തേയും മറികടക്കും' (ബുഖാരി). അതായത് അനാവശ്യമായി ശപഥം ചെയ്യാനും സാക്ഷിപറയാനുമൊക്കെ അവർ തയ്യാറാകും. ദീനീബോധവും തക്വ്‌വയുമൊക്കെ കുറഞ്ഞു പോകുന്നവരാണവർ എന്നർത്ഥം. എന്നാൽ സ്വഹാബികളും താബിഉകളും അവരിൽ നിന്ന് തികച്ചും ഏറെ ഔന്നത്യമുള്ളവരാണ്. അതുകൊണ്ടു തന്നെ അന്തിമനാൾ വരെയുള്ള ജനതക്ക് അല്ലാഹു അവരെ മാതൃകാസമൂഹമായി നിശ്ചയിച്ചിരിക്കുന്നു.

'അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യേണ്ട മുറപ്രകാരം നിങ്ങൾ സമരം ചെയ്യുക. അവൻ നിങ്ങളെ ഉൽകൃഷ്ടരായി തെരഞ്ഞെടുത്തിരിക്കുന്നു. മതകാര്യത്തിൽ യാതൊരു പ്രയാസവും നിങ്ങളുടെ മേൽ അവൻ ചുമത്തിയിട്ടില്ല. നിങ്ങളുടെ പിതാവായ ഇബ്റാഹീമിന്റെ മാർഗമത്രെ അത്. മുമ്പും ഇതിലും നിങ്ങൾക്ക് അവൻ മുസ്ലിംകൾ എന്ന് പേരു നൽകിയിരിക്കുന്നു. റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കുവാനും നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും വേണ്ടി.....' (22:78)

‘(സ്വഹാബികളേ) നിങ്ങള്‍ വിശ്വസിച്ചതു പോലെ അവരും വിശ്വസിച്ചിരുന്നാല്‍ അവര്‍ നേര്‍മാര്‍ഗത്തിലായിക്കഴിഞ്ഞു. അവര്‍ പിന്തിരിഞ്ഞു കളയുകയാണെങ്കിലോ അവരുടെ നിലപാട് കക്ഷിമാത്സര്യം മാത്രമാകുന്നു. അവരില്‍ നിന്ന് നിന്നെ സംരക്ഷിക്കാന്‍ അല്ലാഹു മതി. അവന്‍ എല്ലാം കേള്‍ക്കുന്നവനും അറിയുന്നവനുമത്രെ’ (2:137).

‘തനിക്ക് സന്മാര്‍ഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിര്‍ത്തു നില്‍ക്കുകയും ആ സത്യവിശ്വാസികളുടേതല്ലാത്ത (സ്വഹാബികളുടേതല്ലാത്ത) മാര്‍ഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവന്‍ തിരിഞ്ഞ വഴിയില്‍ അവനെ തിരിച്ചുവിടുന്നതും നരകത്തില്‍ കരിച്ചു കളയുന്നതുമാണ്. അത് ചീത്ത സങ്കേതമത്രെ’ (4:116)

ഇങ്ങനെ സ്വഹാബികളേയും താബിഉകളേയും അല്ലാഹു ധാരാളമായി പ്രത്യേകം പ്രശംസിച്ചിട്ടുണ്ട്:

‘മുഹാജിറുകളില്‍ നിന്നും അന്‍സ്വാറുകളില്‍ നിന്നും ആദ്യമായി മുന്നോട്ടു വരുന്നവരും സുകൃതം ചെയ്തു കൊണ്ട് അവരെ പിന്തുടര്‍ന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികള്‍ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വര്‍ഗത്തോപ്പുകള്‍ അവര്‍ക്ക് അവന്‍ ഒരുക്കി വെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതില്‍ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ വിജയം’ (9:100).

നബി(ﷺ) പറഞ്ഞു: ‘നിങ്ങളില്‍ ഉത്തമമായത് എന്റെ തലമുറയാണ്. പിന്നെ അവരുടെ തൊട്ടടുത്തത്. പിന്നെ അവരുടെ തൊട്ടടുത്തത്’ (ബുഖാരി).

ഇമാം ഔസാഈ(رحمه الله) പറഞ്ഞു: ‘നിന്നെ നീ സുന്നത്തിനെ ഉള്‍ക്കൊള്ളുന്ന രൂപത്തിലാക്കുക. സ്വഹാബികള്‍ നിലകൊണ്ടേടത്ത് നീ നിലകൊള്ളുക. അവര്‍ പറഞ്ഞത് നീ പറയുക. സച്ചരിതരായ നിന്റെ ആ പൂര്‍വികരുടെ മാര്‍ഗത്തില്‍ നീ പ്രവേശിക്കുക. എങ്കില്‍ അവര്‍ക്കു ലഭിച്ച വിശാലത നിനക്കും ലഭിക്കും’

ഇബ്നു മന്‍ളൂര്‍(رحمه الله) പറഞ്ഞു: ‘പ്രായത്തിലും പോരിശയിലും നിന്റെ മീതേ നില്‍ക്കുന്ന നിന്റെ പിതാക്കളാലും ബന്ധുക്കളിലും പെട്ട നിന്നെ മുന്‍കടന്നവരില്‍ പെട്ടവരാണ് സലഫുകള്‍. അതുകൊണ്ടാണ് താബിഉകളിലെ ആദ്യകാലക്കാരെ സലഫുസ്സ്വാലിഹുകള്‍ (സച്ചരിതരായ പൂര്‍വികര്‍) എന്നു വിളിക്കുന്നത്’.

‘മനുഷ്യസമുദായത്തിനു വേണ്ടി രംഗത്തു കൊണ്ടു വരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങള്‍. നിങ്ങള്‍ സദാചാരം കല്‍പിക്കുകയും ദുരാചാരത്തില്‍ നിന്ന് വിലക്കുകയും അല്ലാഹുവില്‍ വിശ്വസിക്കുകയും ചെയ്യുന്നു’ (3:110).

‘നിങ്ങള്‍ എന്റെ സ്വഹാബത്തിനെ ശകാരിക്കരുത്. നിങ്ങള്‍ ഉഹുദ് മലയോളം സ്വര്‍ണ്ണം ദാനം ചെയ്താലും അവരിലൊരാളുടെ ഒരു മുദ്ദോ അരമുദ്ദോ പോലും എത്തുകയില്ല’ (ബുഖാരി, മുസ്ലിം).

ഈ സ്വഹാബികളും താബിഉകളും തബഉത്താബിഉകളും ഉള്‍ക്കൊള്ളുന്ന ഉത്തമ തലമുറയാണ് സലഫ് എന്നു വിശേഷിപ്പിക്കപ്പെട്ടത്. അവരുടെ ആദര്‍ശവും സംസ്കാരവും മാര്‍ഗവുമാണ് സലഫീമാര്‍ഗം എന്നറിയപ്പെടുന്നത്.

**അറിവ് സമാധാനത്തിന്**

‘(നബിയേ) പറയുക: ഇതാണ് എന്റെ മാര്‍ഗം. ദൃഢബോധ്യത്തോടുകൂടി അല്ലാഹുവിലേക്ക് ഞാന്‍ ക്ഷണിക്കുന്നു. ഞാനും എന്നെ പിന്‍പറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധന്‍!’ (12:108)

‘നിശ്ചയം, പണ്ഡിതന്മാർ പ്രവാചകന്മാരുടെ അനന്തരാവകാശികളാണ്. നിശ്ചയം, പ്രവാചകന്മാർ ദീനാറോ ദിർഹമോ അല്ല അനന്തരം നൽകുന്നത്. അവർ അനന്തരം നൽകുന്നത് അറിവാണ്. ആരെങ്കിലും അതു സ്വീകരിച്ചാൽ പൂർണമായ പങ്ക് അവർ സ്വീകരിച്ചിരിക്കുന്നു’ (അബൂദാവൂദ്).

മുഹമ്മദ് നബി(ﷺ)യിൽ നിന്ന് ദീനീവിജ്ഞാനം നേരിട്ട് അനന്തരം ലഭിച്ചത് സ്വഹാബികൾക്കാണ്. തൊട്ടു പിറകെ താബിഉകളും.

‘ആർക്കെങ്കിലും വിജ്ഞാനം നൽകപ്പെട്ടാൽ തീർച്ചയായും അവന്ന് ധാരാളം നന്മ നൽകപ്പെട്ടു’ (2:269).

സലഫുകളുടെ വിജ്ഞാനമാർഗത്തിന് പ്രാമുഖ്യം കൽപിക്കുകയും സലഫീമാർഗത്തിൽ പ്രവേശിക്കുകയും ചെയ്തവരുടെ പ്രത്യേകതകളും ബാധ്യതകളും നമുക്കിങ്ങനെ ചുരുക്കിപ്പറയാം:

- വിജ്ഞാനികൾ പ്രവാചകന്മാരിൽ നിന്ന് അനന്തരമെടുക്കുന്നവരാണ്.
- സൃഷ്ടികൾക്ക് അല്ലാഹു അംഗീകരിച്ച ആദർശത്തെക്കുറിച്ച് തെളിവു നൽകി പഠിപ്പിക്കാൻ ബാധ്യതയുള്ളവരാണ്.
- സമുദായത്തിലെ വിവിധ പ്രശ്നങ്ങൾ കണ്ടറിഞ്ഞ് ഇസ്‌ലാമികമായ പരിഹാരം നിശ്ചയിക്കേണ്ടവരാണ്.
- സമൂഹത്തിലെ ഐഹികവും പാരത്രികവുമായ മുഴുവൻ നന്മകളും കാത്തുസൂക്ഷിക്കാൻ ബാധ്യതയുള്ളവരാണ്.
- സമൂഹത്തിനാവശ്യമുള്ള മുഴുവൻ പൊതുനന്മകളിലും കാര്യങ്ങളിലും കൂടിയാലോചിച്ച് വഴി കാണിക്കേണ്ടവരാണ്.
- അവർ മതരംഗത്തെ നേതാക്കളാണ്. അവർക്ക് ഉന്നതമായ പദവിയും മഹത്തായ സ്ഥാനവും നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ‘അവർ ക്ഷമ കൈക്കൊള്ളുകയും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നവരാകുമ്പോൾ അവരിൽ നമ്മുടെ കൽപന അനുസരിച്ച് മാർഗദർശനം നൽകുന്ന നേതാക്കളെ നാം ഉണ്ടാക്കുകയും ചെയ്തു’ (32:24).
- പണ്ഡിതർ ജനങ്ങളിൽ ഉത്കൃഷ്ടരാണ്. ‘നിങ്ങളിൽ നിന്നുള്ള സത്യവിശ്വാസികൾക്കും അറിവ് നൽകപ്പെട്ടവർക്കും അല്ലാഹു പദവികൾ ഉയർത്തിക്കൊടുക്കുന്നതാണ്’ (58:11)
- അവർ ജനങ്ങളിൽ ഏറ്റവും വിശുദ്ധിയുള്ളവരും ഭയഭക്തരും ആയിരിക്കും. ‘തീർച്ചയായും അല്ലാഹുവെ ഭയപ്പെടുക അവന്റെ അറിവുള്ളവരായ അടിയാറുകൾ മാത്രമാണ്’ (35:28)
- അവർ തെളിവുകൾ നിരത്തി നന്മ കൽപിക്കുന്നവരും തിന്മ വിലക്കുന്നവരുമാണ്. മാതൃകായോഗ്യരായ പ്രബോധകന്മാരാണ്.
- അവർക്കുള്ള അംഗീകാരമാണ് തൗഹീദിന്റെ കാര്യത്തിൽ മലക്കുകൾക്കൊപ്പം അവരെ അല്ലാഹു സാക്ഷികളാക്കി എന്നുള്ളത്. ‘അല്ലാഹു, അവനല്ലാതെ ആരാധ്യനില്ലെന്ന് സാക്ഷ്യം വഹിച്ചിരിക്കുന്നു, മലക്കുകളും അറിവുള്ളവരും (അപ്രകാരം സാക്ഷ്യം വഹിച്ചിരിക്കുന്നു).

ഈ നിലവാരത്തിൽ ഉയർന്നു വരാൻ നമ്മുടെ ജീവിതം സലഫുകളോടൊപ്പം ആക്കിത്തീർക്കുക എന്നതാണ് വേണ്ടത്. അവരുടെ ആദർശസംസ്കാരങ്ങളെക്കുറിച്ച്

സൂക്ഷ്മമായി പഠിക്കുകയും അവർ അവലംബിച്ച തെളിവുകൾ കൃത്യമായി ഗ്രഹിക്കുകയും അതനുസരിച്ച് ജീവിതം നയിക്കുകയും ചെയ്യാൻ നാം ബാധ്യസ്ഥരാണ്.

'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ആ സത്യവാന്മാരുടെ (സ്വഹാബികളുടെ) കൂടെ ആവുകയും ചെയ്യുവിൻ' (9:119).

### സലഫിന്റെ പാത മുറുകെപ്പിടിക്കുക

അബൂബുർദത്ത് അദ്ദേഹത്തിന്റെ പിതാവിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു: അദ്ദേഹം പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ ദൂതരോടൊപ്പം മഗ്‌രിബ് നമസ്കരിച്ചു. പിന്നെ ഞങ്ങൾ പറഞ്ഞു: അദ്ദേഹത്തിന്റെ കൂടെ ഇശാ നമസ്കരിക്കുന്നതു വരെ നാം ഇരുന്നാലോ എന്ന്. (നബി(ﷺ)) പറഞ്ഞു: നിങ്ങൾ എങ്കിൽ നല്ലതു ചെയ്തു. അല്ലെങ്കിൽ ശരി ചെയ്തു. അദ്ദേഹം തന്റെ തല യകാശത്തേക്ക് ഉയർത്തി. എന്നിട്ട് പറഞ്ഞു: നക്ഷത്രങ്ങൾ ആകാശത്തിന് സുരക്ഷിതത്വമാണ്. ഈ നക്ഷത്രങ്ങൾ പോയാൽ ആകാശത്തിന് താക്കീത് ചെയ്യപ്പെട്ടത് വരും. ഞാൻ എന്റെ അനുചരന്മാർക്ക് സുരക്ഷിതത്വമാണ്. ഞാൻ പോയാൽ എന്റെ അനുചരന്മാർക്ക് താക്കീതു ചെയ്യപ്പെട്ടത് (ഫിത്ത്നകൾ) വരും. എന്റെ അനുചരന്മാർ എന്റെ ഉമ്മത്തിന് സുരക്ഷിതത്വമാണ്. എന്റെ അനുചരന്മാർ പോയാൽ എന്റെ ഉമ്മത്തിന് താക്കീതു ചെയ്യപ്പെട്ടത് (ഫിത്ത്നകൾ) വരും (മുസ്‌ലിം).

ഇർബാദുബ്നു സാരിയത്ത് പറഞ്ഞു: ഒരുദിവസം റസൂലുല്ലാഹി(ﷺ) ഞങ്ങളേയുമായി നമസ്കരിച്ചു. പിന്നീട് ഞങ്ങളുടെ നേരെ തിരിഞ്ഞ് ഹൃദയസ്പർശിയായ ഉപദേശം നൽകി. കണ്ണുകൾ നിറയുകയും ഹൃദയം പേടിക്കുകയും ചെയ്തു. ഒരാൾ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, ഇത് ഒരു വിടവാങ്ങുന്നയാളുടെ ഉപദേശം പോലെയുണ്ടല്ലോ? എന്താണ് അങ്ങേക്ക് ഞങ്ങളോട് കരാർ ചെയ്യാനുള്ളത്? അപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവെ സൂക്ഷിക്കണമെന്നും ഒരു കാപ്പിരിയായ അടിമയായിരുന്നാൽപോലും (നേതാവിനെ) കേൾക്കുകയും അനുസരിക്കുകയും ചെയ്യണമെന്നും ഞാൻ നിങ്ങളെ ഉപദേശിക്കുന്നു. എന്റെ ശേഷവും നിങ്ങളിലാരെങ്കിലും ജീവിച്ചിരുന്നാൽ ധാരളം അഭിപ്രായ വ്യത്യാസങ്ങൾ നിങ്ങൾ കാണും. അപ്പോൾ നിങ്ങൾ എന്റെ ചര്യയും മാർഗദർശികളും സന്മാർഗചാരികളുമായ എന്റെ ഖുലഫാഇന്റെ ചര്യയും മുറുകെ പിടിക്കുക. അണപ്പല്ലു കൊണ്ട് നിങ്ങൾ അത് മുറുകെ പിടിക്കുക. കാര്യങ്ങളിൽ പുത്തനായതിനെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും എല്ലാ പുത്തനാചാരങ്ങളും ബിദ്അത്താകുന്നു. എല്ലാ ബിദ് അത്തും വഴികേടാകുന്നു' (തിർമിദി).

'എന്റെ മുമ്പുള്ള ഒരു ജനതയിലും തന്റെ ജനതയിൽ നിന്ന് തന്റെ ചര്യ പിന്തുടരുകയും തന്റെ കൽപന അനുധാവനം ചെയ്യുകയും ചെയ്യുന്ന അനുചരന്മാരും സഹായികളും ഉണ്ടാവാതിരുന്നിട്ടില്ല. പിന്നീട് അവരുടെ ശേഷം തീർച്ചയായും ഒരു സംഘം പിൻഗാമികൾ വരും, അവർ പ്രവർത്തിക്കാത്തത് പറയുകയും കൽപന കിട്ടാത്തത് പ്രവർത്തിക്കുകയും ചെയ്യും. അവരോട് ആരെങ്കിലും തന്റെ കൈകൊണ്ട് ജിഹാദ് ചെയ്താൽ അവൻ സത്യവിശ്വാസിയാണ്. അവരോട് ആരെങ്കിലും തന്റെ നാവു കൊണ്ട് ജിഹാദ് ചെയ്താൽ അവൻ സത്യവിശ്വാസിയാണ്. അവരോട് ആരെങ്കിലും തന്റെ ഹൃദയം കൊണ്ട് ജിഹാദ് ചെയ്താൽ അവൻ സത്യവിശ്വാസിയാണ്. അതിനു താഴെ ഈമാനിൽ നിന്ന് കടുകുമണിപോലും ഇല്ല' (മുസ്‌ലിം).

### കക്ഷിത്വത്തിന് കാരണക്കാരാകാതിരിക്കുക

'ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റു മാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ചു കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്' (6:153).

രക്ഷ നേടിയ പാർട്ടി ദീനിൽ കക്ഷിത്വമുണ്ടാക്കുന്ന പ്രവണതകളിൽ നിന്നു വിട്ടുനിൽക്കുകയും പ്രമാണങ്ങളിലേക്ക് ചേർന്ന് സത്യത്തിന്റെ പക്ഷത്ത് ഉറച്ചു നിൽക്കുകയും ചെയ്യും. കക്ഷിത്വവും ശിഥിലീകരണവും ബഹുദൈവാരാധകരുടെ സമ്പ്രദായമാണെന്ന് ക്വുർആൻ വ്യക്തമാക്കുന്നുണ്ട്.

'...... നിങ്ങൾ ബഹുദൈവാരാധകരുടെ കൂട്ടത്തിലായിപ്പോകരുത്. അതായത് തങ്ങളുടെ മതത്തെ ഛിന്നഭിന്നമാക്കുകയും പല കക്ഷികളായി തിരിയുകയും ചെയ്തവരുടെ കൂട്ടത്തിൽ. ഓരോ കക്ഷിയും തങ്ങളുടെ പക്കലുള്ളതിൽ സന്തോഷമടയുന്നവരത്രെ' (30:31,32).

'തങ്ങളുടെ മതത്തിൽ ഭിന്നതയുണ്ടാക്കുകയും കക്ഷികളായിത്തീരുകയും ചെയ്തവരാരോ അവരുമായി നിനക്ക് യാതൊരു ബന്ധവുമില്ല. അവരുടെ കാര്യം അല്ലാഹുവിലേക്കു തന്നെയാണ് മടങ്ങിപ്പോകുന്നത്. അവർ ചെയ്തു കൊണ്ടിരിക്കുന്നതിനെപ്പറ്റി അവൻ അവരെ അറിയിച്ചുകൊള്ളും' (6:159).

## അപരിചിതർക്കു മംഗളം

മുആവിയ(ﷺ)വിൽ നിന്ന്: അദ്ദേഹം പറഞ്ഞു: നബി(ﷺ) പറയുന്നത് ഞാൻ കേട്ടു: 'എന്റെ സമുദായത്തിൽ നിന്ന് ഒരു വിഭാഗം അല്ലാഹുവിന്റെ കൽപനയിൽ എന്നും അടിയുറച്ചു നിന്നു കൊണ്ടിരിക്കും. അവരെ കൈവിടുന്നവരും അവരോട് എതിരു നിൽക്കുന്നവരും അല്ലാഹുവിന്റെ കൽപന വരുന്നതു വരെ അവർക്കൊരു ദ്രോഹവും വരുത്തുകയില്ല. അവർ ആ മാർഗത്തിൽ തന്നെയായിരിക്കും' (ബുഖാരി).

അല്ലാഹുവിന്റെ റസൂൽ(ﷺ) പറഞ്ഞു: 'അപരിചതർക്കു മംഗളം' ഒരാൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ ആരാണ് അപരിചതർ? അദ്ദേഹം പറഞ്ഞു: ദുഷിച്ച ജനതയിലെ നല്ലവരായ ആളുകൾ. അവരെ അനുസരിക്കുന്നവരേക്കാൾ കൂടുതൽ ധിക്കരിക്കുന്ന വരായിരിക്കും' (അഹ്മദ്).

അല്ലാഹുവിന്റെ റസൂൽ(ﷺ) പറഞ്ഞു: 'ഇസ്‌ലാം അപരിചതമായാണ് തുടങ്ങിയത്. അപരിചിതമായിത്തന്നെ മടങ്ങുകയും ചെയ്യും. അപ്പോൾ അപരിചതർക്കു മംഗളം'. ഒരാൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ ആരാണ് അപരിചതർ? അദ്ദേഹം പറഞ്ഞു: 'ജനങ്ങൾ കുഴപ്പമാക്കുന്നതിനെ നന്നാക്കുന്നവരാണവർ' (ത്വബറാനി)

## സലഫീമാർഗം സ്വീകരിച്ചവരുടെ സവിശേഷതകൾ

ഒന്നാമതായി അല്ലാഹുവിന്റെ കിത്താബും തിരുസുന്നത്തും മുറുകെ പിടിക്കുന്നവരാണവർ. ഈ രണ്ടു പ്രമാണങ്ങളും സത്യത്തെ അവലംബിക്കാനുള്ള എല്ലാ സംഗതികളും ഉൾക്കൊള്ളുന്നുവെന്ന് അവർ തിരിച്ചറിഞ്ഞിട്ടുണ്ട്. ഒരു രംഗത്തും ഈ പ്രമാണങ്ങൾക്ക് യാതൊരു ന്യൂനതയുമില്ല. വിശ്വാസവുമായി ബന്ധപ്പെട്ട് ജനങ്ങൾ അറിയേണ്ടതെല്ലാം ഈ പ്രമാണങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. എല്ലാ ആരാധനകളും പൂർണമായി പഠിപ്പിച്ചിട്ടുണ്ട്. സ്വഭാവമര്യാദകളും വ്യവഹാരരീതികളും നിയമങ്ങളും പഠിപ്പിച്ചു തരുന്നുണ്ട്. നന്മയിലേക്കു നയിക്കുന്ന എല്ലാം വിവരിച്ചു തരികയും തിന്മ വിലക്കുകയും ചെയ്തിട്ടുണ്ട്. തർക്കങ്ങളിൽ പരിഹാരം കണ്ടെത്തേണ്ടത് വിശുദ്ധക്വുർആനിന്റേയും തിരുസുന്നത്തിന്റേയും അടിസ്ഥാന ത്തിലാണെന്ന് അവർക്കറിയാം.

'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനേയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളേയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാവുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലി ലേക്കും മടക്കുക, നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാ ണെങ്കിൽ. അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും (4:59).

പ്രകൃതത്തിൽ സദ്സ്വഭാവമുണ്ടായിരിക്കുക എന്നത് അല്ലാഹുവിൽ നിന്നുള്ള മഹത്തായ ഒരനുഗ്രഹമാണ്. മറ്റ് അടിയാറുകളിൽ നിന്ന് വ്യത്യസ്തമായി ഈ സദ്ഗുണം സ്വഹാബികൾക്ക് അല്ലാഹു സവിശേഷമായി നൽകിയിട്ടുണ്ട്. കുഞ്ഞുങ്ങളുടെ ശുദ്ധ പ്രകൃതിയിലാണ് സ്വഹാബികൾ ഉള്ളതെന്നു സാരം. അവർ പരസ്പരം പകവെക്കുന്നവരോ അസൂയ പ്രകടിപ്പിക്കുന്നവരോ അഹങ്കരിക്കുന്നവരോ അല്ല. അതുകൊണ്ടുതന്നെ അവരുടെ മാർഗം അവലംബിക്കുന്നവർ ഏറ്റവും കൃത്യമായ ബുദ്ധിനിലവാരമുള്ളവരായിരിക്കും. പക്വതയില്ലാത്ത സമീപനങ്ങൾ സലഫീ മാർഗത്തിൽ പ്രവേശിച്ചവരിൽ ഉണ്ടാവുകയില്ല. ഏറ്റവും നല്ല കാഴ്ചപ്പാടും വ്യക്തമായ അഭിപ്രായവും അഹ്ലുസ്സുന്നത്തിന്റെ സവിശേഷതകളിൽ പെട്ടതാണ്. ഒരിക്കലും അതിരു കവിയുകയോ മോട്ടു കാണിക്കുകയോ ചെയ്യുന്നവരല്ല അവർ.

ഈ വിശ്വാസത്തിലൂടെ നേടിയെടുത്ത അങ്ങേയറ്റത്തെ സമാധാനത്തിന്റെ ചിത്രമാണ് അവരുടേത്. അല്ലാഹു നൽകിയ അനുഗ്രഹങ്ങളിൽ അവർ എല്ലായ്പോഴും സംതൃപ്തരായിരിക്കും. ദേഹേച്ഛയുടെ വക്താക്കൾക്ക് ഈ യോഗ്യത നേടിയെടുക്കാൻ ഒരിക്കലും സാധിക്കുകയില്ല.

സലഫുസ്സാലിഹിന്റെ ഗ്രാഹ്യതയുമായി അങ്ങേയറ്റത്തെ ബന്ധം പുലർത്തുന്നതു കൊണ്ട് യഥാർത്ഥ വിശ്വാസത്തിൽ പതറാതെ ഉറച്ചു നിൽക്കാൻ അവർക്ക് സാധിക്കും. സ്വഹാബികളുടേതല്ലാത്തവരുടെ ഗ്രാഹ്യത എപ്പോഴും വ്യതിയാനം വരാൻ സാധ്യത യുള്ളതാണ്.

സലഫീമാർഗം തുടരുന്നവർ ഏതു കാര്യത്തിലും നീതിയുക്തമായ മധ്യമ നിലപാട് ആണ് സ്വീകരിക്കുക. 'അപ്രകാരം നിങ്ങളെ നാം ഒരു മധ്യമസമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കുവാനും വേണ്ടി....' (2:143).

അതായത് ജഹ്മിയ്യത്തിനെപ്പോലെ അല്ലാഹുവിന്റെ നാമവിശേഷണങ്ങളെ നിഷേധി ക്കുകയോ മുശബിഹത്തിനെപ്പോലെ അല്ലാഹുവെ സൃഷ്ടികളോട് ഉപമിക്കുകയോ ചെയ്യുകയില്ല. മറിച്ച് അവക്കിടയിൽ അല്ലാഹുവിന്റെ നാമങ്ങളേയും ഗുണവിശേഷ ണങ്ങളേയും ക്വുർആനും സുന്നത്തും വ്യക്തമാക്കിയ പ്രകാരം സ്ഥിരപ്പെടുത്തുകയാണ് ചെയ്യുക. ക്വദ്‌രിയ്യത്തിനെപ്പോലെ വിധിയെ നിരാകരിക്കുകയോ ജബ്‌രിയ്യത്തിനെപ്പോലെ വിധിയിൽ മാത്രം ഏൽപിച്ച് കർമങ്ങളെ അവഗണിക്കുകയോ ചെയ്യില്ല. ശിയാക്കളെപ്പോലെ അലി(ﷺ)വിന്നും കൂട്ടർക്കും ദൈവികപരിവേഷം നൽകി സ്വഹാബത്തിന്റെ കാര്യത്തിൽ അതിരുകവിയുകയോ ഖവാരിജുകളെപ്പോലെ അവരെ കാഫിറാക്കുകയോ ചെയ്യുകയില്ല. അവക്കിടയിൽ സ്വഹാബത്തിനെ മാതൃകാസമൂഹമായി ദർശിക്കുകയും അവരെ വിളിച്ചു പ്രാർത്ഥിക്കുകയോ അവരുടെ കാര്യത്തിൽ അതിരു കവിയുകയോ ചെയ്യുന്നതിൽ നിന്ന് വിട്ടു നിൽക്കുകയും ചെയ്യും. ഇൽമുൽകലാമിനെപ്പോലെ അദ്വൈത വിശ്വാസം സ്വീകരിക്കുകയോ മോഡേണിസ്റ്റുകളെപ്പോലെ ബുദ്ധിയെ പ്രമാണമായി കണക്കാക്കു കയോ ചെയ്യുകയില്ല. എല്ലാറ്റിനുമിടയിൽ പ്രമാണങ്ങളോടു നീതിപുലർത്തും എന്നതാണ് അവരുടെ സവിശേഷത. ക്വുർആനിലും സുന്നത്തിലും വന്നതിന്നെതിരെ തങ്ങളുടെ ബുദ്ധിക്ക് അവർ ഒരിക്കലും പ്രാധാന്യം നൽകുകയില്ല. അതുകൊണ്ട് വിശ്വാസത്തിലും കർമങ്ങളിലും വ്യതിയാനം സംഭവിക്കാനുള്ള സാധ്യത അവരിൽ വിരളമായിരിക്കും.

അവരുടെ ബന്ധം എല്ലായ്പോഴും അല്ലാഹുവുമായിട്ടായിരിക്കും. ഏതു രംഗത്തായാലും ഏതു കാര്യം ചെയ്യുമ്പോഴും അത് അല്ലാഹു ഇഷ്ടപ്പെടുന്നതാണോ വെറുക്കുന്നതാണോ എന്ന് അവർ ഉറപ്പു വരുത്തുകയും എല്ലാറ്റിനും മീതെ അല്ലാഹുവിന്റെ താൽപര്യത്തിന് മുൻഗണന നൽകുകയും ചെയ്യും. എപ്പോഴും അല്ലാഹുവോടു പ്രാർത്ഥിക്കുകയും ഇസ്തിഗ്ഫാറും ദിക്റുകളും പതിവാക്കുകയും ചെയ്യും. അന്യായമായ തർക്കത്തിൽ നിന്ന് വിട്ടു നിൽക്കും. സത്യം പുലർന്നു കാണുക എന്നതിലപ്പുറം വ്യക്തിതാൽപര്യങ്ങൾക്ക് ഒരു പ്രാധാന്യവും അവർ നൽകുകയില്ല. ആരെയെങ്കിലും തോൽപിക്കുകയെന്നതോ കക്ഷിത്വപരമായ മികവ് നിലനിറുത്തണമെന്നതോ വൈരാഗ്യബുദ്ധി കാണിക്കലോ അവരുടെ രീതിയല്ല. തർക്കങ്ങൾക്ക് വശംവദരാകുന്നവരാണ് പ്രമാണങ്ങളെ

അവഗണിക്കുക. ഇവരാകട്ടെ എല്ലാ താൽപര്യങ്ങൾക്കുമപ്പുറം പ്രമാണങ്ങൾക്ക് പ്രാമുഖ്യം നൽകുന്നവരാണ്. നമസ്കാരം പിന്തിക്കുന്നതിനേയും പാഴാക്കുന്നതിനേയും സൂക്ഷിക്കുകയും ദുഷിച്ച ജനങ്ങളുമായി ആത്മബന്ധം പുലർത്തുന്നതിൽ നിന്ന് വിട്ടു നിൽക്കുകയും ചെയ്യും.

**അല്ലാഹു ആരംഭിച്ചതുകൊണ്ട് ആരംഭിക്കുക**

'നിങ്ങൾ അല്ലാഹുവെ മാത്രം ആരാധിക്കുകയും അവനിൽ യാതൊന്നിനേയും പങ്കു ചേർക്കാതിരിക്കുകയും ചെയ്യുക' (4:36), 'നിന്റെ രക്ഷിതാവ് നിങ്ങൾ അവനെയല്ലാതെ ആരാധിക്കരുതെന്ന് വിധിച്ചിരിക്കുന്നു' (17:23), '(നബിയേ താങ്കൾ) പറയുക: വരൂ, നിങ്ങളുടെ രക്ഷിതാവ് നിങ്ങൾക്ക് നിഷിദ്ധമാക്കിയത് ഞാൻ പറഞ്ഞുതരാം, നിങ്ങൾ അവനിൽ യാതൊന്നിനേയും പങ്കു ചേർക്കരുത്……' (6:151), ഇബ്നു അബ്ബാസ്(ﷺ) റിപ്പോർട്ട് ചെയ്യുന്നു: അല്ലാഹുവിന്റെ ദൂതൻ മുആദ്(ﷺ)വിനെ യമനിലേക്ക് (പ്രബോധനത്തിന്നായി) പറഞ്ഞയച്ചപ്പോൾ പറഞ്ഞു: അവരോട് ആദ്യം ലാഇലാഹ ഇല്ലല്ലാഹ് അംഗീകരിക്കാൻ പറയുക. അത് അംഗീകരിച്ചാൽ അഞ്ചു നേരം നമസ്കാരം നിർവഹിക്കാൻ പറയുക'.

മുആദ്(ﷺ)വിൽ നിന്ന്: അദ്ദേഹം പറഞ്ഞു: ഞാൻ ഒരിക്കൽ ഉഫൈർ എന്ന കഴുതപ്പുറത്ത് നബി(ﷺ)യുടെ പിറകിലിരുന്ന് സഞ്ചരിക്കുകയായിരുന്നു. അപ്പോൾ നബി(ﷺ) ചോദിച്ചു: 'മുആദ്, അല്ലാഹുവിന്റെ ദാസന്മാർക്ക് അല്ലാഹുവോടും അല്ലാഹുവിന് അവന്റെ ദാസന്മാരോടുമുള്ള കടമകൾ എന്താണെന്ന് നിനക്ക് അറിയാമോ?' ഞാൻ പറഞ്ഞു: 'അല്ലാഹുവും അവന്റെ ദൂതനുമാണ് ഏറ്റവും നന്നായി അറിയുക'. നബി(ﷺ) പറഞ്ഞു: 'അടിമകൾക്ക് അല്ലാഹുവോടുള്ള കടമ, അവനെമാത്രം ആരാധിക്കുകയും അവനിൽ യാതൊന്നിനേയും പങ്കു ചേർക്കാതിരിക്കുകയും ചെയ്യുക എന്നതാണ്. അല്ലാഹുവിന് അടിമകളോടുള്ള കടമ, തന്നിൽ യാതൊന്നിനേയും പങ്കു ചേർക്കാത്തവരെ ശിക്ഷിക്കാതിരിക്കുക എന്നതാണ്' (ബുഖാരി).

മുഴുവൻ അടിയാറുകളിൽ നിന്നും അല്ലാഹുവിനു കിട്ടേണ്ട അവകാശമാണ് അവർ അവനെ മാത്രമേ ആരാധിക്കാവൂ, അവനെ മാത്രമേ വിളിച്ചു പ്രാർത്ഥിക്കാവൂ എന്നത്. അല്ലാഹു പറയുന്നു: 'എന്നെ മാത്രം ആരാധിക്കുന്നതിന്നു വേണ്ടിയല്ലാതെ ഞാൻ ജിന്നുകളേയും മനുഷ്യരേയും പടച്ചിട്ടില്ല' (51:56). പോരാ, അവനിൽ യാതൊന്നിനേയും പങ്കു ചേർക്കാതിരിക്കുകയും വേണം. 'എന്നാൽ ആരെങ്കിലും അല്ലാഹുവെ കണ്ടുമുട്ടണമെന്ന് കൊതിക്കുന്നുവെങ്കിൽ അവൻ നല്ലതുപ്രവർത്തിക്കുകയും തന്റെ രക്ഷിതാവിനെ ആരാധിക്കുന്നതിൽ യാതൊന്നിനേയും പങ്കു ചേർക്കാതിരിക്കുകയും ചെയ്തു കൊള്ളട്ടെ' (18:110). മുഴുവൻ കർമങ്ങളയും ബഹുദൈവത്വം ദുർബലപ്പെടുത്തിക്കളയും. അല്ലാഹുവിൽ പങ്കുചേർക്കുന്നവന്റെ ഒരു കർമവും സ്വീകരിക്കപ്പെടുകയില്ല. 'അവർ അവനിൽ പങ്കു ചേർക്കുകയാണെങ്കിൽ അവർ പ്രവർത്തിച്ചതു മുഴുവൻ നിഷ്ഫലമായിത്തീരുക തന്നെ ചെയ്യും (6:88).

തൗഹീദില്ലാതെ ഇബാദത്ത് സ്വീകരിക്കപ്പെടുകയില്ല. അതുപോലെത്തന്നെ അല്ലാഹുവിൽ നിന്നുള്ള വഹ്യനുസരിച്ച് നബി(ﷺ) നിയമമാക്കിത്തന്ന കാര്യങ്ങൾ മാത്രമേ ഇബാദത്താവുകയുള്ളൂ. അതിന്ന് രണ്ടു നിബന്ധനകളുണ്ട്. ഒന്ന്: അത് അല്ലാഹുവിന്നു വേണ്ടി മാത്രം ആയിരിക്കുക. രണ്ട്: റസൂലുല്ലാഹി(ﷺ)യെ അനുധാവനം ചെയ്യുക.

അല്ലാഹുവെ മാത്രം ആരാധിക്കുന്നവർക്കുള്ള അവനിൽ നിന്നുള്ള മഹത്തായ ഔദാര്യമാണ് നരകമോചനം. അത് അല്ലാഹു തന്റെ അവകാശമായി നിശ്ചയിച്ചിരിക്കുകയാണ്. 'നമ്മുടെ മേൽ ബാധ്യതയാണ് സത്യവിശ്വാസികൾക്ക് സഹായം നൽകുകയെന്നത്' (30:47). അവൻ ശിക്ഷിക്കുന്നത് നീതി നടപ്പാകാൻ വേണ്ടിയും അനുഗ്രഹം ചൊരിയുന്നത് ഔദാര്യമായുമാണ്. തൗഹീദുള്ളവർക്കു മാത്രം അവൻ വാഗ്ദാനം ചെയ്തിരിക്കുന്ന ഈ ഔദാര്യം അവൻ നൽകുക തന്നെ ചെയ്യും. 'അല്ലാഹു

അവന്റെ വാഗ്ദാനം ഒരിക്കലും ലംഘിക്കുകയില്ല' (30:6). അതെ, തൗഹീദോടു കൂടി മരിക്കുന്നവർ സ്വർഗാവകാശികളാകുമെന്നത് ഖണ്ഡിതമായ കാര്യമാണ്. ശിർക്കല്ലാത്ത മറ്റു തിന്മകൾ ചെയ്തു പോയവരാണെങ്കിൽ അവ ഒന്നുകിൽ അല്ലാഹു അവർക്ക് മാപ്പു നൽകുകയോ അതല്ലെങ്കിൽ നീതിയുക്തമായ ശിക്ഷ അവർക്കു നൽകുകയോ ചെയ്ത ശേഷം അവരെ സ്വർഗത്തിൽ പ്രവേശിപ്പിക്കും. എന്നാൽ ശിർക്കുമായി മരണപ്പെടുന്നവർക്ക് നരകം അനശ്വരമാക്കപ്പെടും. അവരുടെ മേൽ അല്ലാഹു ഒരിക്കലും അവന്റെ കരുണ ചൊരിയുകയില്ല.

തൗഹീദ് മരണം വരെ നിലനിറുത്തുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. നല്ല സഹനവും ത്യാഗമനസ്ഥിതിയുമുള്ളവരെ മാത്രമേ തൗഹീദിൽ അടിയുറച്ചു നിൽക്കാൻ അല്ലാഹു അനുഗ്രഹിക്കൂ. മതപരമായ നല്ല അറിവും വിശുദ്ധഖുർആനും തിരുസുന്നത്തുമായുള്ള ദൃഢബന്ധവും അതിന്ന് അനിവാര്യമാണ്. പ്രബോധനരംഗത്ത് തൗഹീദിന്ന് ഒന്നാം സ്ഥാനം നൽകുകയും അതോടൊപ്പം മുഴുവൻ നന്മകളിലും കാരുണ്യപ്രവർത്തനങ്ങളിലും പ്രാധാന്യപൂർവം മുൻനിരയിലുണ്ടായിരിക്കുകയും ചെയ്യുക എന്നതാണ് സലഫീമാർഗം സ്വീകരിച്ചവരുടെ വ്യതിരിക്തത.

സവിശേഷമായ ഈ മാർഗം മരണം വരെ മുറുകെപ്പിടിച്ച് അല്ലാഹുവിന്റെ തൃപ്തി നേടാൻ അവൻ നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.